(ഡി) അല്ല. തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള വിഹിതം ബില്ലിൽ നിന്നും പിടിച്ചിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അടിയന്തിരമായും സമയബന്ധിതമായും ചെയ്തുതീർക്കേണ്ട പണികൾ ടെണ്ടർ നടപടികൾക്കുള്ള സമയക്രമം പാലിക്കാനാവാതെ വരുന്ന സാഹചര്യങ്ങളിലും വെള്ളപ്പൊക്കക്കെടുതി നിവാരണ പണികൾ തുടങ്ങി അത്യാവശ്യം ഒഴിച്ചുകൂടാനാവാത്ത സാഹചര്യങ്ങളിലുമാണ് ഡിപ്പാർട്ടു മെന്റലായി പണികൾ ചെയ്യാറുള്ളത്.

ആര്യനാട് നിയോജകമണ്ഡലത്തിൽ റോഡുപണിക്ക് സാങ്കേതികാനുമതി

133 [2322] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആര്യനാട് നിയോജകമണ്ഡലത്തിൽ എത്ര റോഡുപണികൾക്ക് ചീഫ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്;

(ബി) സാങ്കേതികാനുമതി നൽകിയിട്ടില്ലാത്ത പണികൾക്ക് എന്ന് അനുമതി നൽകുമെന്ന് വ്യക്തമാക്കാമോ;

(സി) സാങ്കേതികാനുമതി നൽകാതിരിക്കാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആര്യനാട് നിയോജകമണ്ഡലത്തിൽ 2004-2005 സാമ്പത്തിക വർഷം ഒരു റോഡുപണിക്കും ചീഫ് എഞ്ചിനീയർ തലത്തിൽ സാങ്കേതികാനുമതി നൽകിയിട്ടില്ല.

(ബി, സി) ചില സാമ്പത്തിക നിയന്ത്രണങ്ങളുടെ ഭാഗമായി സാങ്കേതികാനുമതി നൽകുവാൻ സാധിച്ചില്ല. സാങ്കേതികാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

തലശ്ശേരി-വളവുപാറ റോഡ്

134 [2327] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-വളവുപാറ റോഡ് വികസനത്തിന്റെ മുമ്പത്തെ അലൈൻമെന്റിൽ വ്യത്യാസം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ ചില പരാതികളുടെ അടിസ്ഥാനത്തിൽ സ്ഥല പരിശോധന നടത്തി ബോധ്യം വന്ന പരാതികളിൽ അത്യാവശ്യം ചില സ്ഥലങ്ങളിലെ അലൈൻമെന്റിന് തിരുത്തൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly